**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആവഡ-ആശുപത്രി സംബന്ധമായ ഉപകരണങ്ങളും മറ്റു സാധന സാമഗ്രികളും സ്റ്റോക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.PHC Cheriyamundam/663/2025 **തീയതി** 19.11.2025
2.DMOH-MLPM/11819/2025-C4,Dated 06/01/2025

ഉത്തരവ് നം: DHS/579/2026-MSA2 **തീയതി**: 23-01-2026

ആശുപത്രി സംബന്ധമായ ഉപകരണങ്ങളും മറ്റു സാധന സാമഗ്രികളും സ്റ്റോക്ക് എടുക്കുന്നത് വില കൂടിയത്, വില കുറഞ്ഞത് എന്ന് തരം തിരിച്ചല്ല. മെയിൻ സ്റ്റോറിൽ **DDMS**ൽ സ്റ്റോക്ക് എടുത്ത് ബന്ധപ്പെട്ട യൂണിറ്റ് / വാർഡ് /സെക്ഷനുകളിലേക്ക് ഇഷ്യൂ ചെയ്യുന്ന എല്ലാ ഇനങ്ങളും ബന്ധപ്പെട്ട സബ് സ്റ്റോർ കസ്റ്റോഡിയന്മാർ സ്റ്റോക്ക് എടുക്കേണ്ടതാണ്. ആയവയുടെ പ്രൈമറി റെസ്പോൺസിബിലിറ്റി സബ് സ്റ്റോർ കസ്റ്റോഡിയന്മാർക്കും സെക്കണ്ടറി റെസ്പോൺസിബിലിറ്റി വാർഡ് / യൂണിറ്റ് ഇൻ ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും ആയിരിക്കും. ഇത്തരത്തിൽ മെഡിക്കൽ ഓഫീസർമാർക്ക് ചാർജ് ഇല്ലാത്ത സ്ഥാപനങ്ങളിൽ സ്ഥാപന മേധാവിക്ക് ആയിരിക്കും സെക്കണ്ടറി റെസ്പോൺസിബിലിറ്റി വരുന്നത്.

**1.** ഡൻ്റൽ യൂണിറ്റുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും മറ്റു സാധന സാമഗ്രികളുടെയും സബ്സ്റ്റോക്ക് പരിപാലിക്കേണ്ടത് ഡൻ്റൽ ഹൈജീനിസ്റ്റ് / ഡൻ്റൽ മെക്കാനിക് / നഴ്സിംഗ് ഓഫീസർ ആണ്.

**2.** ഒപ്റ്റോമെടിസ്റ്റ് തസ്തികകളിൽ സ്ഥിരം ജീവനക്കാർ ഇല്ലാത്ത സ്ഥാപനത്തിൽ മറ്റൊരു സ്ഥാപനത്തിൽ നിന്നും കാഴ്ച പരിശോധനക്ക് വരുന്ന ഒപ്റ്റോമെടിസ്റ്റിനു ആവശ്യമായ ഉപകരണങ്ങളുടെ സബ് സ്റ്റോക്ക് പരിപാലിക്കേണ്ടത് സീനിയർ നഴ്സിംഗ് ഓഫീസർ / നഴ്സിംഗ് ഓഫീസർ ആണ്.

**3.** ഇമ്മ്യൂണൈസേഷൻ സംബന്ധമായ ഉപകരണങ്ങളും മറ്റു സാധന

സാമഗ്രികളും സബ് സ്റ്റോക്ക് പരിപാലിക്കേണ്ടത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ആണ്.

**4.** ബ്ലീച്ചിംഗ് പൗഡർ, Tab Chlorine, Tab Albendazole, Tab Doxycycline, Glucometer & Strip, Lancet, BP Apparatus for NCD ഫോഗ്ഗിംഗ് മെഷീൻ എന്നിവയുടെ സബ് സ്റ്റോക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മെയിൻ സ്റ്റോർ കസ്റ്റോഡിയൻ / സബ് സെൻ്റർ JPHN ൽ നിന്നും സ്വീകരിക്കേണ്ടതാണ്.

**5.** ഓഫീസിലേക്ക് മെയിൻ സ്റ്റോറിൽ നിന്നും നൽകുന്ന സാധന സാമഗ്രികൾ സബ് സ്റ്റോക്ക് സൂക്ഷിക്കേണ്ടത് ഹെഡ് ക്ലർക്ക് / സീനിയർ ക്ലർക്ക് ആണ്.

**6.** ലാബ്, ഫിസിയോ തെറാപ്പി, റേഡിയോളജി, ഒപ്റ്റോമെട്രി, ഓഡിയോമെട്രി, ഇ സി ജി ടെക്നിഷ്യൻ തുടങ്ങിയവയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും മറ്റു സാധാന സാമഗ്രികളും പ്രസ്തുത യൂണിറ്റുകളിൽ സ്ഥിരം ജീവനക്കാർ ഇല്ലാത്ത പക്ഷം താൽക്കാലിക ജീവനക്കാർ സബ് സ്റ്റോക്ക് പരിപാലിക്കേണ്ടതും ആയതിൻ്റെ മേൽ നോട്ട ചുമതല പ്രസ്തുത യൂണിറ്റുകളുടെ ചാർജ് വഹിക്കുന്ന മെഡിക്കൽ ഓഫീസർ / സീനിയർ നഴ്സിംഗ് ഓഫീസർ / നഴ്സിംഗ് ഓഫീസർ നിർവ്വഹിക്കേണ്ടതാണ്.

Signed by
Reena K J
Date: 23-01-2026 16:05:39

Dr REENA K J
DIRECTOR OF HEALTH SERVICES

സ്വീകർത്താവ്: **1.** എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും